# ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ& ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ) നടപടിക്രമം

വിഷയം : ആരോഗ്യ വകുപ്പ് - ജീവനക്കാര്യം- മാനദണ്ഡ അടിസ്ഥാനത്തിലുള്ള പൊതു സ്ഥലം മാറ്റം 2025- ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് 1 തസ്തികയിലെ കരട് പട്ടിക പ്രസിദ്ധീകരിച്ച ഉത്തരവാകുന്നു.

പരാമർശം : - 1. സ.ഉ.(പി) നമ്പർ.03/2017/ആ.കു.വ. തീയതി. 25.02.2017

2. സ.ഉ.(സാധാ) നമ്പർ.729/2025/ആ.കു.വ. തീയതി. 11.03.2025

3. സർക്കുലർ നം. ഇ.എച്ച്1-28887/2024/അ.വ.ഡ.തീയതി. 14.03.2025

4. ജീവനക്കാർ സ്പാർക്ക് മുഖേന സമർപ്പിച്ച അപേക്ഷകൾ

## ഉത്തരവ് നം.ഇ. എഫ്4-9396/2025/ആ.വ .ഡ തീയതി 30-04-2025

മേൽ പരാമർശം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിൽ 2025 ലെ പൊതു സ്ഥലം മാറ്റം നടപ്പിലാക്കുന്നതിനായി ഓൺലൈൻ മുഖാന്തിരം അപേക്ഷകൾ ക്ഷണിച്ചിരുന്നു. അപ്രകാരം ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് 1 തസ്തികയിലുള്ള ജീവനക്കാർ സമർപ്പിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ തയാറാക്കിയ കരട് പട്ടിക ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

കരട് പട്ടികയിൽ എന്തെങ്കിലും പരാതി/ആക്ഷേപം ഉള്ളവർ ഹർജി തയാറാക്കി സ്ഥാപന മേധാവി മുഖേന മുഖാന്തിരം അതാത് ജില്ലാ മെഡിക്കൽ ഓഫീസർക്ക് **07.05.2025**ന് വൈകുന്നേരം 5മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. ജില്ലാ മെഡിക്കൽ ഓഫീസർ തങ്ങൾക്ക് ലഭിക്കുന്ന ഹർജികൾ പരിശോധിച്ച് പരിഗണന അർഹിക്കുന്നവ അഭിപ്രായ കുറിപ്പോടുകൂടി **09.05.2025** ന് വൈകുന്നേരത്തിന് മുൻപായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത തീയതിക്കു ശേഷം ലഭിക്കുന്ന ഹർജികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

പരാമർശം (1) ഉത്തരവിൽ പരാമർശിക്കുന്ന പരിഗണനകൾ സംബന്ധിച്ചും ,ഗുരുതരമായ രോഗങ്ങൾ, മറ്റ് അനുകമ്പാർഹമായ സാഹചര്യങ്ങൾ എന്നിവ ലഭിക്കുന്നതിനുള്ള അപേക്ഷകളോടൊപ്പം ആയത് തെളിയിക്കുന്നതിനുള്ള സാക്ഷ്യപ്പെടുത്തിയ രേഖകൾ/സർ ട്ടിഫിക്കറ്റുകൾ (മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്/ 3 മാസത്തിനുള്ളിൽ ലഭ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റ്) എന്നിവ ഹാജരാക്കേണ്ടതാണ്.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ യഥാസമയം ഹർജികൾ സമർപ്പിക്കാത്തതു കാരണം അന്തിമ സ്ഥലംമാറ്റ പട്ടികയിൽ നിന്നു ഏതെങ്കിലും ജീവനക്കാർ ഒഴിവാക്കപ്പെടുകയാണെങ്കിൽ ആയത് സംബന്ധിച്ച പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്കായിരിക്കും.

Signed by
A P Dinesh Kumar
Date: 30-04-2025 12:32:50

ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ

A P Dinesh Kumar

ADDITIONAL DIRECTOR (MEDICAL AND HOSPITAL ADMINISTRATION)

സ്വീകർത്താവ് :
ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ് :-

1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ
2. ബന്ധപ്പെട്ട  എല്ലാ സ്ഥാപനമേധാവികൾ
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

4.ഫയൽ/കരുതൽ ഫയൽ

| Government of Kerala Department: Health Services<br>Norms Based General Transfer for Treatment Organizer Grade I 2025- Draft List | | | | | | |
|---|---|---|---|---|---|---|
| **Sl. No** | **PEN** | **Name** | **Designation** | **Office Transfered from** | **Office Transfered to** | **Protection If any** |
| 1 | 391583 | RAJAN.C | Treatment Organizer Gr I | THIRUVANANTHAPURAM | PATHANAMTHITTA | |
| 2 | 562345 | SHEEJA.S | Treatment Organiser Gr I (15 Yrs TBHG - P) | KOLLAM | IDUKKI | |
| 3 | 819384 | SREERAJ R S | Treatment Organizer Gr I | PATHANAMTHITTA | THIRUVANANTHAPURAM | |
| 4 | 846984 | PRATHIBHA R | Treatment Organizer Gr I | PATHANAMTHITTA | KOLLAM | |
| 5 | 853723 | PRASANTH.M | Treatment Organizer Gr I | IDUKKI | PATHANAMTHITTA | |
| 6 | 833205 | PINCHU.P.A | Treatment Organizer Gr I | THRISUR | MALAPPURAM | |
| 7 | 752541 | JIJI TS | Treatment Organizer Gr I | MALAPPURAM | THRISUR | |

**ADDITIONAL DIRECTOR OF HEALTH SERVICES**
**(MEDICAL& HOSPITAL ADMINISTRATION**

Signed by
A P Dinesh Kumar
Date: 30-04-2025 13:00:55